**വ്യക്തിപരമായ വിശദീകരണം**

അവാസ്തവ പ്രസ്താവന

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. നൗഷാദും ശ്രീ. സി. എച്ച്. കുഞ്ഞമ്പുവും പ്രസംഗിച്ചപ്പോൾ തൃപ്പൂണിത്തുറയിലെ എന്റെ തെരഞ്ഞെടുപ്പ് വിജയം ബി.ജെ.പി.-യുമായിട്ടുള്ള ധാരണയിലാണെന്ന് പരാമർശിക്കുകയുണ്ടായി. (.....ബഹളം....) ചട്ടം 288 പ്രകാരമാണെന്ന് പറഞ്ഞല്ലോ. ഞാൻ ബഹുമാന്യനായ സ്പീക്കർ അനുവദിച്ചിട്ടാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: അദ്ദേഹം ചട്ടം 288 പ്രകാരം എഴുതിതന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കാൽനൂറ്റാണ്ട് കാലം ഞാൻ എം.എൽ.എ. ആയിരുന്നു. ഞാനവിടെ മത്സരിച്ച് വിജയിച്ചതെല്ലാം എൽ.ഡി.എഫ്. കൺവീനർ ഉൾപ്പെടെയുള്ള സി.പി.ഐ.(എം.)-ന്റെ പ്രഗത്ഭരായ നേതാക്കളെ തോൽപ്പിച്ചാണ്. 2006-ൽ ഞാൻ മത്സരിക്കുമ്പോൾ ബി.ജെ.പി.-ക്ക് കിട്ടിയത് 4000 വോട്ടാണ്. 2011-ൽ അത് 5000 ആണ്. 2016-ൽ അവർക്ക് 29800 വോട്ട് കിട്ടി. എങ്ങനെ എന്നുചോദിച്ചാൽ അന്ന് ബി.ഡി.ജെ.എസ്. ശക്തമായി അവരുടെ കൂടെയുണ്ടായിരുന്നു. അവിടെ പ്രധാനമന്ത്രി വന്നിരുന്നു. മദ്ധ്യകേരളത്തിൽ പ്രധാനമന്ത്രി വന്ന ഏക സ്ഥലം അതാണ്. തുറവൂർ വിശ്വംഭരൻ എന്ന സ്ഥാനാർത്ഥി വളരെയേറെ സ്വീകാര്യതയുള്ള നേതാവായിരുന്നു.

അതുകൊണ്ടാണ് ബി.ജെ.പി.-ക്ക് അത്രയും വോട്ട് കിട്ടിയത്. ശ്രീ. പി. രാജീവിന് അറിയാം. അദ്ദേഹം ഡി.വൈ.എഫ്.ഐ. ജില്ലാ സെക്രട്ടറിയായിരുന്നു.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..... അങ്ങയുടെ വിശദീകരണം മാത്രം. പ്രസംഗം അല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പ്രസംഗമല്ല, വിശദീകരണമാണ് നടത്തുന്നത്. ഞാൻ സി.പി.ഐ(എം.)-ന്റെ പ്രഗത്ഭരായ നേതാക്കന്മാരെ തോൽപ്പിച്ചുതന്നെയാണ്,..... പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് അവിടെ 25000 വോട്ടേ കിട്ടിയിട്ടുള്ളൂ. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 23000 വോട്ടേ കിട്ടിയിട്ടുള്ളൂ. ഇത്തവണ അവർക്ക് 23000 വോട്ട് കിട്ടിയിട്ടുണ്ട്. ഞാൻ അവിടെ ജയിച്ചതിൽ ഇവർക്ക് വിഷമമാണ്, കാരണം ഇവരുടെ പൊന്നുംകുടമാണല്ലോ തകർന്നൊടിഞ്ഞു വീണത്. സി.പി.ഐ.(എം)-ന്റെ പൊന്നുംകുടം തകർന്നൊടിഞ്ഞുവീണപ്പോൾ നിങ്ങൾക്ക് വിഷമമുണ്ടാകും. അതുകൊണ്ട് ബി.ജെ.പി. വോട്ട് കൊണ്ടാണ് ഞാൻ ജയിച്ചതെന്നുപറഞ്ഞാൽ ...........(മൈക്ക് ഓഫ്).......

വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എന്റെ പേര് പരാമർശിച്ചതുകൊണ്ട്, ഇതിനു മുൻപുള്ള തെരഞ്ഞെടുപ്പുകളിലും ബഹുമാനപ്പെട്ട മെമ്പർ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിത്തന്നെയാണ് വിജയിച്ചതെന്ന് പറഞ്ഞത് വളരെ നന്നായി.